## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2068 — 12.02.2013-ൽ മറുപടിയ്ക്ക്.

### ചന്ദനത്തൈല ഫാക്ടറി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച ചന്ദനത്തൈല ഫാക്ടറിയുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ; | (എ) 31.05.2010-ലെ ജി.ഒ.(എം.എസ്)നം. 27/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, മറയൂരിൽ ചന്ദന ഫാക്ടറി ആരംഭിക്കുവാൻ ഉത്തരവായതനുസരിച്ച് നടപടി സ്വീകരിക്കുകയും, 2011 ആഗസ്റ്റ് മാസത്തിൽ ചന്ദനത്തൈല നിർമ്മാണം ആരംഭിക്കുകയും ചെയ്തു. |
| (ബി) ഇവിടെ ഉപയോഗിക്കുന്ന ചന്ദന മരങ്ങൾ എപ്രകാരം ലഭിക്കുന്നതാണ്; വിശദമാക്കുമോ; | (ബി) വനം വകുപ്പിന്റെ മറയൂർ ചന്ദന ഡിപ്പോയിൽ നിന്നും ലഭിക്കുന്ന ചന്ദന തടികളാണ് ഇവിടെ ഉപയോഗിക്കുന്നത്. |
| (സി) 2012 മാർച്ച് മുതൽ 2013 ഫെബ്രുവരി 1 വരെ എത്ര രൂപയ്ക്കുള്ള എത്ര അളവ് ചന്ദനത്തൈലം വിറ്റു; | (സി) 30,26,340/- (മുപ്പതു ലക്ഷത്തി ഇരുപത്തിയാറായിരത്തി മുന്നൂറ്റി നാല്പത്) രൂപയ്ക്കുള്ള 16.150 കിലോഗ്രാം (16 കിലോ 150 ഗ്രാം) ചന്ദനത്തൈലം വിറ്റു. |
| (ഡി) ഇതിന്റെ വിപണന രീതി വിശദമാക്കുമോ; കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇതിന് വിപണന കേന്ദ്രങ്ങൾ ഉണ്ട് ; | (ഡി) വനം വികസന കോർപ്പറേഷൻ നിയോഗിച്ചിട്ടുള്ള കണ്ണൂർ, കൊല്ലം, മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിലുള്ള റീട്ടെയിൽ ഏജന്റുമാർ വഴിയും, കെ.എഫ്.ഡി.സി-യുടെ കോട്ടയത്തുള്ള ഹെഡ് ഓഫീസ്, വനശ്രീ ഷോപ്പുകൾ, തിരുവനന്തപുരം, പുനലൂർ, മൂന്നാർ, ഗവി, മാനന്തവാടി,തൃശ്ശൂർ എന്നീ ഡിവിഷണൽ ആഫീസുകൾ, മൂന്നാറിലെ ഫ്ലോറി കൾച്ചർ സെന്റർ എന്നിവിടങ്ങളിലൂടെയും ചന്ദനത്തൈലം വിപണനം നടത്തുന്നുണ്ട്. കൂടാതെ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം വഴുതക്കാട്, ആയൂർ, മാനന്തവാടി, കോന്നി, പാലരുവി, നിലമ്പൂർ എന്നീ വനശ്രീ ഷോപ്പുകളിലൂടെയും ചന്ദനത്തൈലം വിപണനം നടത്തുന്നുണ്ട്. |
| (ഇ) ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്നുണ്ടോ; കയറ്റുമതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) കയറ്റുമതി ഇതുവരെ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.